# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2015 - പ്രശ്ന ബാധിത ബൂത്തുകളിൽ വെബ്കാസ്റ്റിംഗ്/വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

നമ്പർ : 750/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 28 .

==========================================================================

പരാമർശം:- ഇന്റലിജൻസ് വിഭാഗം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ 14.10.2015-ലെ പി3-60082/2015/എസ്.ബി നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബറിൽ നടക്കാൻ നിശ്ചയിച്ചിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ വെബ് കാസ്റ്റിംഗ് ഏർപ്പെടുത്തുന്നതിനുവേണ്ടി അതീവ പ്രശ്നബാധിതമായി കണ്ടെത്തിയ 1,315 പോളിംഗ് ബൂത്തുകളുടെ പട്ടിക സൂചന 1-ലെ കത്ത് മുഖേന ഇന്റലിജൻസ് വിഭാഗം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നൽകിയിരുന്നു. ഈ റിപ്പോർട്ട് പരിഗണിച്ച് മേൽ ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഐ.ടി മിഷൻ, ബി.എസ്.എൻ.എൽ, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി കമ്മീഷനിൽ നടത്തിയ യോഗത്തിൽ മേൽ ബൂത്തുകളിൽ 1,022 ബൂത്തുകളിൽ മാത്രമേ വെബ്കാസ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ പശ്ചാത്തല സൗകര്യം ഉള്ളൂവെന്ന് ബി.എസ്.എൻ.എൽ അധികാരികൾ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുവാൻ സൗകര്യം ഉണ്ടെന്ന് ബി.എസ്.എൻ.എൽ അറിയിച്ച ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുവാനും, ശേഷിച്ച ബൂത്തുകളിൽ വീഡിയോഗ്രാഫി ഏർപ്പെടുത്തുവാനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ഉത്തരവാകുന്നു. കമ്മീഷൻ വിവിധ ഫോട്ടോഗ്രാഫി സംഘടന നേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പോളിംഗ് ദിവസത്തേയ്ക്ക് വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിന് ബൂത്തൊന്നിന് 4,000/- രൂപ എന്ന നിരക്ക് നിശ്ചയിച്ച് ഉത്തരവാകുന്നു.

2. ഇതോടൊപ്പം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥരും ജില്ലാ പോലീസ് മേധാവിയും/ സിറ്റി പോലീസ് കമ്മീഷണറും ചേർന്ന് കണ്ടെത്തുന്ന മറ്റ് പ്രശ്നബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി മേൽ നിരക്കിൽ കമ്മീഷന്റെ ചെലവിൽ ഏർപ്പെടുത്തുവാനും രാഷ്ട്രീയ പാർട്ടികളും, മറ്റ് സംഘടനകളും, സ്ഥാനാർത്ഥികളും ആവശ്യപ്പെടുന്ന ബൂത്തുകളിൽ അവരുടെ ചെലവിൽ വീഡിയോഗ്രാഫി ഏർപ്പെടുത്തുവാനും ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു. ഇതിലേയ്ക്കായി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള 4,000/- രൂപ മുൻകൂറായി പ്രസ്തുത ആവശ്യക്കാർ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർ മുമ്പാകെ കെട്ടിവയ്ക്കേണ്ടതാണ്. ഈ തുക വീഡിയോഗ്രാഫി സ്ഥാപനങ്ങൾ നൽകുന്ന വൗച്ചർ വാങ്ങി വിതരണം നടത്തേണ്ടതാണ്. വീഡിയോ റിക്കോർഡിംഗിന്റെ എഡിറ്റു ചെയ്യാത്ത കോപ്പി വോട്ടെടുപ്പ് കഴിഞ്ഞാലുടൻതന്നെ വീഡിയോഗ്രാഫറിൽ നിന്നും വാങ്ങി സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കുന്നതിനുള്ള നടപടി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

3. കമ്മീഷന്റെ ചെലവിൽ വെബ്കാസ്റ്റിംഗ് നടത്തേണ്ട ബൂത്തുകളുടേയും വീഡിയോഗ്രാഫി നടത്തേണ്ട ബൂത്തുകളുടേയും വിശദമായ ലിസ്റ്റ് ഉടൻ അറിയിക്കുന്നതാണ്.

**പി. ഗീത**
സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും.
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം.
ജനറൽ മാനേജർ, ബി.എസ്.എൻ.എൽ, തിരുവനന്തപുരം.
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും.
എല്ലാ നോഡൽ ഓഫീസർമാർക്കും.
പബ്ലിക് റിലേഷൻസ് ഓഫീസർ.
ലോ ഓഫീസർ
സീനിയർ ഫിനാൻസ് മാനേജർ.
കമ്പ്യൂട്ടർ പ്രോഗ്രാമർ.
എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-
കമ്മീഷണറുടെ പി.എസ്
സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ